"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം -പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിലെ ജോയിൻറ് ഡയറക്ടർ (പബ്ലിക് ഹെൽത്ത്) /സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ഓഫീസറുടെ-പൂർണ്ണ അധിക ചുമതല ഡോ.ശശികുമാർ.എ-യ്ക്ക് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.2271/2025/LSGD തീയതി,തിരുവനന്തപുരം, 20-09-2025

---

പരാമർശം:- പ്രിൻസിപ്പൽ ഡയറക്ടറുടെ 23.08.2025-ലെ LSGD/PD/3702/2025-DEA1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സർക്കാർ പ്രഥമ പരിഗണന നൽകി ഏറ്റെടുത്തിട്ടുള്ള മാലിന്യ നിർമാർജന പ്രവർത്തനങ്ങൾ പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ ഏകോപിപ്പിക്കുന്നത് SWAG സെല്ലിന്റെ നേതൃത്വത്തിൽ ആണെന്നും പബ്ലിക് ഹെൽത്ത് വിഭാഗത്തിന് പ്രത്യേക ജോയിന്റ് ഡയറക്ടർ ഇല്ലാത്ത കാരണത്താൽ SWAG സെൽ തന്നെയാണ് നിലവിൽ എ ബി സി ഉൾപ്പെടെ പബ്ലിക് ഹെൽത്ത് വിഭാഗം കൈകാര്യം ചെയ്തിരുന്ന നിരവധി വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതെന്നും അക്കാരണത്താൽ, മാലിന്യ നിർമാർജന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കാൻ SWAG സെല്ലിന് കഴിയാതെ വരുന്നതായും ആയതിന്റെ പ്രതിഫലനം താഴെ തട്ടിൽ ഉണ്ടാകുന്നതിനാൽ എ ബി സി ഉൾപ്പെടെ പബ്ലിക് ഹെൽത്ത് വിഭാഗം കൈകാര്യം ചെയ്യുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് ജോയിൻറ് ഡയറക്ടർ (പബ്ലിക്ക് ഹെൽത്ത്) അനിവാര്യമാണെന്ന് കാണുന്നതിനാൽ നിലവിൽ തിരുവനന്തപുരം കോർപ്പറേഷനിലെ പബ്ലിക് ഹെൽത്ത് ഓഫീസർ ഗ്രേഡ്-I ആയി സേവനമനുഷ്ഠിച്ചു വരുന്ന ഡോ.ശശികുമാർ.എ-യ്ക്ക് പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിലെ ജോയിൻറ് ഡയറക്ടർ (പബ്ലിക് ഹെൽത്ത്) /സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ഓഫീസറുടെ പൂർണ്ണ അധിക ചുമതല കൂടി നൽകണമെന്ന് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്തിരിക്കുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ ശിപാർശയുടെ അടിസ്ഥാനത്തിൽ പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിൽ ഒഴിഞ്ഞു കിടക്കുന്ന ജോയിൻറ് ഡയറക്ടർ (പബ്ലിക് ഹെൽത്ത്)/ സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ആന്റ് എൻവയോൺമെന്റ് ഓഫീസർ-ന്റെ പൂർണ്ണ അധികചുമതല നിലവിൽ തിരുവനന്തപുരം കോർപ്പറേഷനിൽ പബ്ലിക് ഹെൽത്ത് ഓഫീസർ ഗ്രേഡ്-I തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ഡോ:ശശികുമാർ.എ-യ്ക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് ,തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് ഡിപ്പാർട്ട്മെൻറ്, തിരുവനന്തപുരം.
ഡോ:ശശികുമാർ-എ , പബ്ലിക് ഹെൽത്ത് ഓഫീസർ ഗ്രേഡ്-I,തിരുവനന്തപുരം കോർപ്പറേഷൻ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 20-09-2025 14:46:45
സെക്ഷൻ ഓഫീസർ